**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2098** **06-07-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച ഓക്സിജൻ പ്ലാന്റിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച ഓക്സിജൻ പ്ലാന്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; | (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ട്രാൻസ്ഫോർമർ, ജനറേറ്റർ എന്നീ സംവിധാനങ്ങൾ സ്ഥാപിക്കാത്തതിനാലാണ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത്. |
| (ബി) | ഓക്സിജൻ പ്ലാന്റ് പ്രവർത്തനം ആരംഭിക്കുന്നതിനായി ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | ഓക്സിജൻ പ്ലാന്റിന് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിന് നിലവിലെ ഹൈ-ടെൻഷൻ വൈദ്യുതി കണക്ഷൻ പോരാത്തതിനാൽ ട്രാൻസ്ഫോർമറിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനായി തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ പ്രോജക്ട് സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തു. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ കരാർ നൽകിയിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പുരോഗമിക്കുന്നു. ജനറേറ്റർ സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. |
| (സി) | ഓക്സിജൻ പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് എത്ര തുകയാണ് വിനിയോഗിച്ചതെന്നും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ഇനി എത്ര തുകയാണ് വേണ്ടതെന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഏത് ഏജൻസിയെയാണ് സർക്കാർ ചുമതലപ്പെടുത്തിയതെന്നും വിശദമാക്കാമോ? | (സി) | ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണത്തിനായി 28,61,880/- രൂപ ചെലവാക്കിയിട്ടുണ്ട്. പ്ലാന്റ് പ്രവർത്തനസജ്ജമാക്കുന്നതിനായി 27,82,000/-രൂപ കൂടി ആവശ്യമായി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്താണ് ഫണ്ട് വകയിരുത്തി ഈ രണ്ട് പ്രവൃത്തികളും നിലവിൽ നിർവ്വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ